**<u>നം.ഇ.എക്സ്. എ(4)/43000/2025/സി.ജി.ഇ.</u>**

പരീക്ഷാകമ്മീഷണറുടെ കാര്യാലയം,
പരീക്ഷാഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി: 24/01/2026

# <u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - പരീക്ഷാഭവൻ - എസ്.എസ്.എൽ.സി - 2026 ഐ.ടി പ്രാക്ടിക്കൽ പരീക്ഷ സോഫ്റ്റ്‌വെയർ പരിഷ്കരണം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

പരാമർശം:- 29/10/2025 ലെ ഇ.എക്സ്/സി.ജി.എൽ(1)/40000/2025/സി.ജി.ഇ നമ്പർ വിജ്ഞാപനം.

2026 മാർച്ച് മാസം നടക്കുന്ന എസ്.എസ്.എൽ.സി പരീക്ഷയുടെ ഐ.ടി പ്രാക്ടിക്കൽ എക്സാമിനോടൊപ്പം നടത്തുന്ന, ഓൾഡ് സ്കീം (CCC) വിദ്യാർത്ഥികളുടെ (2024-25) ഐ.ടി. പരീക്ഷയ്ക്ക് പ്രത്യേക സോഫ്റ്റ്‌വെയർ ആണ് ഉപയോഗിക്കുന്നത്. ആയതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

- 2024 - 25 വർഷം നിലവിലുണ്ടായിരുന്ന പഴയ സിലബസ് പ്രകാരമുള്ള ചോദ്യങ്ങൾ ഉൾക്കൊള്ളുന്ന ഐ.ടി. പരീക്ഷയാണ് ഇത്. Old Scheme_IT Examination 2026 എന്ന പ്രത്യേക സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് ഈ പരീക്ഷ നടത്തേണ്ടത്.
- പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുന്നതിന് ഐ.ടി@സ്ക്കൂൾ ഉബുണ്ടു 18.04 ഓപ്പറേറ്റിംഗ് സിസ്റ്റം (കഴിഞ്ഞവർഷം നിലവിലുണ്ടായിരുന്ന ഓപ്പറേറ്റിംഗ് സിസ്റ്റം) ഉള്ള ഒരു കമ്പ്യൂട്ടർ പ്രത്യേകം സജ്ജീകരിക്കുക. അതിൽ മാത്രം ഈ പരീക്ഷ പ്രവർത്തിപ്പിക്കുക.
- പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ എണ്ണം കുറവായതിനാൽ **സർവർ കമ്പ്യൂട്ടറിൽ തന്നെ** പരീക്ഷ നടത്താവുന്നതാണ്. (പ്രത്യേകം കമ്പ്യൂട്ടർ സജ്ജീകരിക്കേണ്ടതില്ല)
- സ്കൂൾ രജിസ്ട്രേഷൻ സമയത്ത്, ഈ കമ്പ്യൂട്ടറിൽ പഴയ സ്കീമിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ മാത്രം നൽകിയാൽ മതിയാകും.

❖ ഈ സോഫ്റ്റ്‌വെയറിൽ നിന്നും Export ചെയ്യുന്ന ഫയലുകൾ യാതൊരു കാരണവശാലും പുതിയ സ്കീമിൽ പരീക്ഷയെഴുതുന്ന വിദ്യാർത്ഥികളുടെ കമ്പ്യൂട്ടറിലേക്ക് import ചെയ്യാൻ പാടില്ല.

❖ പരീക്ഷ പ്രവർത്തനം പൂർത്തീകരിച്ചു കഴിഞ്ഞാൽ പരീക്ഷാ ഭവനിലേക്ക് നൽകേണ്ട റിസൾട്ടുകളും ഡോക്യുമെന്റുകളും സാധാരണ ഐ.ടി പരീക്ഷയുടെ മാതൃകയിൽ പ്രത്യേകമായി തന്നെ തയ്യാറാക്കേണ്ടതാണ്.

❖ iExam ൽ അപ്‌ലോഡ് ചെയ്യാനായി പരീക്ഷാ സോഫ്റ്റ്‌വെയറിൽ നിന്നും ജനറേറ്റ് ചെയ്തെടുക്കുന്ന csv ഫയൽ, പരീക്ഷാഭവൻ ഇതിനായി സജ്ജീകരിക്കുന്ന Old Scheme Upload (Pre Examination -> IT mark upload -> IT mark uploading (private)) എന്നുള്ള ലിങ്കിൽ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അപ്രകാരം ചെയ്യുവാൻ സാധിക്കാത്തപക്ഷം ചുവടെ തന്നിട്ടുള്ള മേൽവിലാസത്തിൽ രജിസ്റ്റേർഡ് പോസ്റ്റായി അയച്ചു തരേണ്ടതാണ്.

**<u>മേൽവിലാസം</u>**

**സെക്രട്ടറി**
**പരീക്ഷാഭവൻ**
**എ (4) സെക്ഷൻ**
**പൂജപ്പുര, തിരുവനന്തപുരം – 695 012**

വിശ്വസ്തതയോടെ,

**സെക്രട്ടറി**

**പകർപ്പ്:**

1. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം
2. ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3. ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4. ബന്ധപ്പെട്ട എല്ലാ സ്കൂൾ മേലധികാരികൾക്കും (വിദ്യാഭ്യാസ ഉപഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)
5. സിസ്റ്റം മാനേജർ, പരീക്ഷാഭവൻ